(സി) ഇല്ല.

(ഡി) ഉത്തരം (സി)-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ

123 [1135] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബയോസ്ഫിയർ റിസർവ്വ്, ദേശീയോദ്യാനം, വന്യജീവി സങ്കേതം, ടൈഗർ റിസർവ്വ് എന്നിവയായി പ്രഖ്യാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള വനമേഖലകൾ ഏതെല്ലാമാണെന്നതിന്റെ വിശദവിവരം നൽകാമോ:

(ബി) ഇവയിൽ ഏതൊക്കെ മേഖലകളാണ് മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ സംരക്ഷണ കേന്ദ്രങ്ങളായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്; ഇവ ഓരോന്നും എത്ര സ്കയർ കി. മീറ്റർ പ്രദേശം വീതമാണ്;

(സി) പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ ഓരോ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇവ കൂടിച്ചേർന്ന് സംസ്ഥാനത്ത് ആകെ എത്ര വന്യജീവി സങ്കേതങ്ങൾ ഉണ്ടെന്നും ഈ സംരക്ഷണ കേന്ദ്രങ്ങളുടെ മാത്രം ആകെ വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നീലഗിരി ബയോസ്ഫിയർ റിസർവ്വിലുള്ള താഴെപ്പറയുന്ന വനപ്രദേശങ്ങൾ ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ മതികെട്ടാൻചോല നാഷണൽ പാർക്കായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(1) മതികെട്ടാൻ ചോല നാഷണൽ പാർക്ക് :

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ വില്ലേജിലെ 1281.7419 ഹെക്ടർ വനഭൂമി ദേശീയോദ്യാനമായി [സ. ഉ. (എംഎസ്.) 50/03/വനം, തീയതി 10-10-2003] പ്രഖ്യാപിച്ചിട്ടുണ്ട്.

(2) ആനമുടി ചോല നാഷണൽ പാർക്ക് :

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിൽ 750 ഹെക്ടർ വനഭൂമി ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ വിജ്ഞാപനം നം. 12876/എഫ്. 2/03/വനം, തീയതി 14-12-2003) (അനുബന്ധം II).

(3) പാമ്പാടും ചോല നാഷണൽ പാർക്ക്:

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിൽ 131.80 ഹെക്ടർ വനഭൂമി ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ വിജ്ഞാപനം നം. 12875/എഫ് 2/03/വനം, തീയതി 14-12-2003) (അനുബന്ധം III).

LIBRARY ARCHIVES Kerala Legislative Assembly

(4) പെരിയാർ ടൈഗർ റിസർവ്വ്:

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മലപ്പാറ കുമിളി വില്ലേജിൽ 350.54 സ്ക്വയർ കി. മീ. വനഭൂമി ദേശീയോദ്യാനമായി പ്രഖ്യാപിക്കുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. [സർക്കാർ വിജ്ഞാപനം സ. ഉ. (പി) 65/2003/വനം, തീയതി 20-12-2003]†

(ബി) ഇവയിൽ മതികെട്ടാൻചോല ദേശീയോദ്യാനമായി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് (എംഎസ്.) 50/03/വനം, തീയതി 10-10-2003-ൽ ആയിട്ടുണ്ട്. മതികെട്ടാൻ ചോല 1281.7419 ഹെക്ടർ വനപ്രദേശമാണ് ദേശീയോദ്യാനമായി പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.‡

(ഡി) സംസ്ഥാനത്ത് ആകെ 14 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളാണുള്ളത്. മതികെട്ടാൻ ദേശീയോദ്യാനം മാത്രമാണ്. വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ ആകെ വിസ്തൃതി 2315.44 സ്ക്വയർ കി. മീറ്റർ ആണ്.

സ്പോർട്സ് കൗൺസിലിന്റെ കീഴിലെ അസോസിയേഷനുകൾ

124 [1137] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ സ്പോർട്സ്, ഗെയിംസ് ഇനങ്ങളിലായി എത്ര അസോസിയേഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഒരു സ്പോർട്സ് ഇനത്തിന് രണ്ട് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇങ്ങനെ എത്ര സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള സ്പോർട്സ് ആക്ട് 2000 പ്രകാരം 3-12-2003-ൽ നിലവിൽ വന്ന സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ സ്പോർട്സ്, ഗെയിംസ് ഇനങ്ങളിൽ അസോസിയേഷനുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല. ഇങ്ങനെ രജിസ്ട്രേഷൻ നടന്നിട്ടില്ല.

---

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1136-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly